**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*84.** 14.01.2021 ൽ മറുപടിയ്ക്ക്

**ബംഗ്ലൂരു മയക്ക് മരുന്ന് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റോജി.എം.ജോൺ<br>ശ്രീ.ടി.ജെ.വിനോദ്<br>ശ്രീ.എൽദോസ്.പി.കുന്നപ്പിള്ളിൽ<br>ശ്രീ.അനൂപ് ജേക്കബ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബെംഗളൂരു മയക്ക് മരുന്ന് കേസിൽ മലയാള സിനിമ മേഖലയ്ക്ക് ബന്ധമുള്ളതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കേസിലെ മുഖ്യപ്രതി അനൂപ് മുഹമ്മദിന് കൊച്ചി കേന്ദ്രീകരിച്ചുള്ള മയക്ക് മരുന്ന് ഇടപാടിൽ ബന്ധം കണ്ടെത്തിയതിനെത്തുടർന്ന് കൊച്ചിയിൽ ഇവർ നടത്തിയ നിശാപാർട്ടികളെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) | കേസിലെ മുഖ്യപ്രതി അനൂപ് മുഹമ്മദ് കൊച്ചിയിൽ നിശാപാർട്ടികൾ നടത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ, അത്തരം പാർട്ടികൾ നടത്തിയതായി കണ്ടെത്തിയിട്ടില്ല. ടി അനൂപ് മുഹമ്മദിനെതിരെ എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് മയക്ക് മരുന്ന് കേസുകൾ നിലവിലില്ല. |
| (സി) | പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (സി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**